# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം പി9/1672/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/04/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം പി9/1672/21 തീയ്യതി: 27/04/2022

# കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2021 മുതൽ 30-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം. ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 23-11-2021 | 30-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2021 | 30-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ജി. സജികുമാർ, ഓഡിററ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. അരുൺകുമാർ, അസി. ഓഡിററ് ഓഫീസർ
ശ്രീ. രാജൻ. വി. ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജയകുമാരിഅമ്മ. ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുനിത മുസ്തഫ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 19-12-2020 |
| കെ. അശോകൻ | പ്രസിഡന്റ് | 20-12-2020 | 31-03-2021 |
| ശ്രീ. ഷമിം. എ | സെക്രട്ടറി | 01-04-2020 | 08-05-2020 |
| ശ്രീമതി. രേഖ. കെ. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-05-2020 | 21-05-2020 |
| ശ്രീ. കോശി ഉമ്മൻ | സെക്രട്ടറി | 22-05-2020 | 16-03-2021 |
| ശ്രീമതി. രേഖ. കെ. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2021 | 31-03-2021 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രേഖ. കെ. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. ഷാനവാസ്. ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-06-2020 | 04-07-2020 |
| ശ്രീ. ഷാനവാസ്. ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 16-08-2020 | 16-09-2020 |
| ശ്രീമതി.സരിത ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-09-2020 | 31-03-2021 |
| ശ്രീമതി. ജിനിഷ റാണി. റ്റി | കൃഷി ഓഫീസർ | 01-04-2020 | 06-05-2020 |
| ശ്രീ.സുനിൽ വർഗ്ഗീസ് | കൃഷി ഓഫീസർ | 07-05-2020 | 31-03-2021 |
| ശ്രീ. ബിന്നി സാമുവൽ | വെറ്റിനറി സർജൻ | 01-04-2020 | 25-05-2020 |
| ശ്രീ.ജെറിൻ | വെറ്റിനറി സർജൻ | 26-05-2020 | 31-03-2021 |
| ഒഴിവ് | ഹെഡ് മിസ്ട്രസ് | 01-04-2020 | 12-08-2020 |
| ശ്രീമതി. ഷീലാകുമാരി പി | ഹെഡ് മിസ്ട്രസ് | 13-08-2020 | 31-03-2021 |
| ശ്രീമതി. ഇന്ദിര | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| ശ്രീമതി.സ്മിത എസ് | ഐ.സി.ഡി.എസ്സ് | 10-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീ.ഉണ്ണികൃഷ്ണൻ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീവിദ്യ പി ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. ശ്രീകല ദേവി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീലത റ്റി | എം ജി എൻ ആർ ജി എസ് അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീലേഖ ആർ | എം ജി എൻ ആർ ജി എസ് ഓവർസിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി വിജുമോൾ. ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 05-06-2020 |
| ശ്രീമതി വിജുമോൾ. ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 05-07-2020 | 15-08-2020 |
| ഡോ. ടോം വി തോമസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 22-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-2 |
| 3 | വാർഷികക്കണക്കിലെ അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 22-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -പൊരുത്തക്കേടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Rajan.V.D (Senior Grade Auditor, On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-7 |
| 10 | പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധികബാധ്യത<br>Written By: Rajan.V.D (Senior Grade Auditor, On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-7.1 |
| 11 | ക്യാഷ് പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 1-10 |
| 14 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല - അടിയന്തിര നടപടികൾ അനിവാര്യം<br>Written By: Arun Kumar A (Asst. Audit Officer, On 29-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-11 |
| 15 | വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 29-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-12 |
| 16 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയായില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 29-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-13 |

| | | |
|---|---|---|
| 17 | പൊതുടാപ്പുകൾ-സംയുക്ത പരിശോധന അനിവാര്യം<br>Written By: Rajan.V.D (Senior Grade Auditor, On 27-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-14 |
| 18 | ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വരവ് നഷ്ടം -262600/- രൂപ<br>Written By: Jayakumari Amma G (Senior Grade Auditor, On 29-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 1-15 |
| 19 | വാടക ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 29-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-16 |
| 20 | ജീവനക്കാരുടേയും സ്ഥാപനങ്ങളുടേയും തൊഴിൽനകുതി ഈടാക്കിയിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 29-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-17 |
| 21 | പഞ്ചായത്തു പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 29-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-18 |
| 22 | തനതുഫണ്ടിന് രണ്ട് അക്കൗണ്ട് നിലനിർത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 29-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-19 |
| 23 | മിനി മിസ്റ്റ് ലൈറ്റുകളുടെ മെയിന്റൻസ് (282/21), അധികം ചെലവഴിച്ച 16,365/- രൂപ നിരാകരിക്കുന്നു<br>Written By: G.Sajikumar (Audit Officer (HG), On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-20 |
| 24 | ടാർവീപ്പയുടെ വില ഇനത്തിൽ തനതുഫണ്ടിൽ അടവാക്കിയിട്ടുള്ള 8178 രൂപ സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-21 |
| 25 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 1931868/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: G.Sajikumar (Audit Officer (HG), On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-22 |
| 26 | കരാറിൽ ഏർപ്പെടുവാൻ വിസമ്മതിച്ച കരാറുകാരന്റെ നിരത ദ്രവ്യം കണ്ട് കെട്ടി മുതൽ കൂട്ടിയിട്ടില്ല<br>Written By: G.Sajikumar (Audit Officer (HG), On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-23 |
| 27 | ഗവ. എൽ പി എസ് തെക്കേത്തേരി സ്കൂൾ മെയിന്റൻസ്, ഒന്നാം ഭാഗിക ബില്ലിൽ നിന്നും റീ ടെൻഷൻ ഇനത്തിൽ ഈടാക്കിയ തുക കരാറുകാരന് തിരികെ നല്കിയിട്ടില്ല<br>Written By: G.Sajikumar (Audit Officer (HG), On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 1-24 |
| 28 | അടയ്ക്കാമരക്കുഴി റോഡ് കോൺക്രീറ്റ്, അധികമായി ചെലവഴിച്ചിട്ടുള്ള 556/- രൂപ തിരികെ ഈടാക്കണം<br>Written By: G.Sajikumar (Audit Officer (HG), On 30-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 1-25 |
| 29 | ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്ത് ഫണ്ടിലേയ്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-26 |
| 30 | ബൈലിംഗ് മേഷീൻ വാങ്ങൽ, വാങ്ങിയ ഉപകരണം | 1-27 |

| | | |
|---|---|---|
| | നാളിതുവരെ കമ്മീഷൻ ചെയ്തിട്ടില്ല, 561216/- രൂപ തടസ്സപ്പെടുത്തുന്നു, അധികമായി നല്കിയ 17966. രൂപാ നിരാകരിക്കുന്നു<br>Written By: G.Sajikumar (Audit Officer (HG), On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2022) | |
| **ഭാഗം 2** | | |
| 1 | ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വരവ് നഷ്ടം -262600/- രൂപ<br>Written By: Naseer S (Computer Assistant, On 24-03-2022)<br>Last Updated By: Naseer S (Computer Assistant, On 24-03-2022) | 2-1 |
| **ഭാഗം 3** | | |
| 1 | മിനി മിസ്റ്റ് ലൈറ്റുകളുടെ മെയിന്റൻസ് (282/21), അധികം ചെലവഴിച്ച 16,365/- രൂപ നിരാകരിക്കുന്നു<br>Written By: G.Sajikumar (Audit Officer (HG), On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 3-1 |
| 2 | ബൈലിംഗ് മേഷീൻ വാങ്ങൽ , വാങ്ങിയ ഉപകരണം നാളിതുവരെ കമ്മീഷൻ ചെയ്തിട്ടില്ല, 561216/- രൂപ തടസ്സപ്പെടുത്തുന്നു, അധികമായി നല്കിയ 17966/- രൂപ നിരാകരിക്കുന്നു<br>Written By: G.Sajikumar (Audit Officer (HG), On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 30-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 28-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 28-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 28-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 28-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 28-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 28-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 28-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 4-11 |



**അനുബന്ധം**



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധം-3 |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17.3.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 18.05.2021 | - | - |

### 1-2-1 വാർഷികക്കണക്കിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി ഉൾപ്പെട്ട 12,36,606/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
3. RP-5 ൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
4. പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നിവയുടെ വരവു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.
5. ഷെഡ്യൂൾ ബി-9 ൽ ഉൾപ്പെട്ട റിക്കവറിഫ്രം എംപ്ലോയീസ് ഇനത്തിലുള്ള 16,376/- രൂപ അടവാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | | |
|---|---|---|
| മുന്നിരിപ്പ് | | 10333417 |
| വരവ് | | 72052639 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 82386056 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73006216 |
| നീക്കിയിരുപ്പ് | | 9379840 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 262600 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 34331 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2475118 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 11187322 | 11187322 | 11170579 | 16743 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 6532000 | 6532000 | 6438665 | 93335 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 17981000 | 17981000 | 17953101 | 27899 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 3491000 | 3491000 | 2983647 | 507353 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied (ACR പ്രകാരം) | - | 8221871 | 8221871 | 4490546 | 3731325 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied (ACR പ്രകാരം) | - | 4010000 | 4010000 | 1550685 | 2459315 |
| സാക്ഷരത | - | - | - | - | - |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | 2406 | 1005540 | 1007946 | 1002048 | 5898 |

| | | | | | |
|---|---|---|---|---|---|
| (ഇനം തിരിച്ച് ചേർക്കുക)<br>എം.ജി.എൻ.ആർ.ഇ.ജി.എസ് | | | | | |
| ICDS | 164370 | 596038 | 760408 | 666208 | 94200 |
| TSC | 374592 | 334000 | 708592 | 708592 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)<br>ശുചിത്യമിഷൻ | 953744 | 1790311 | 2744055 | 943723 | 1800332 |
| ബി-ഫണ്ട് | - | 151200 | 151200 | 151200 | - |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -പൊരുത്തക്കേടുകൾ

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 278 | 96885642 | 194 | 55918934 | - | 84 | 69% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2406 | 1005540 | 1007946 | 1002048 | 5898 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 51790457 | 51790457 | 51790457 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 61200 | 86 |
| കർഷകതൊഴിലാളി പെൻഷൻ | 4894900 | 1934 |
| വിധവാപെൻഷൻ | 11996000 | 4825 |
| വാർദ്ധക്യകാലപെൻഷൻ | 20313000 | 8673 |
| വികലാംഗപെൻഷൻ | 3285300 | 1252 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള | 621200 | 250 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

**1-7.1 പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധികബാധ്യത**

പട്ടാഴി ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്ന ശ്രീമതി ശാന്തമ്മ ജി, ശാന്തിഭവൻ, പന്തപ്ലാവ് (പെൻഷണർ ഐ.ഡി.-103270100219) 08/2007 മുതൽ 09/19 വരെയുള്ള കാലയളവിൽ 66280/- രൂപ കർഷക തൊഴിലാളി പെൻഷൻ കൈപ്പറ്റിയതായി ശ്രദ്ധയിൽപ്പെട്ടു. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/ കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം -7/2021:27.11.2021

**1-8 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2021 ന് അസി. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38027 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

**1-9 ആഭ്യന്തരനിയന്ത്രണം**

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി താരതമ്യേന മെച്ചപ്പെട്ട ഒരു അഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ലേലം,വാടകയിനത്തിൽ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01-03-2021 | 04/2020 മുതൽ 12/2020 വരെ | 01-03-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.12.2018 മുതൽ 05-01-2019 വരെ | 2013-14 മുതൽ 2017-18 വരെ | 31-01-2019 |

**1-11 KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല - അടിയന്തിര നടപടികൾ അനിവാര്യം**

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായ വിവിധ പദ്ധതികളിലൂടെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ഫണ്ടിനം. | അടങ്കൽ തുക | ചെലവ്തുക (രൂപ) | കെ.എം.സി.എൽ ന് നൽകിയ തുക,ബിൽ നം, തീയതി | ലഭിക്കുവാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|
| 1 | 32/21<br>പി.ച്ച്.സി -മരുന്നുവാങ്ങൽ-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 500000 | 500000 | 500000<br>9/22.9.20 | 25638 |
| 2 | 69/21<br>പാലിയേറ്റീവ് കെയർ<br>500000/- (വികസന ഫണ്ട്-ജനറൽ-), 300000/- ബ്ളോക്ക് പഞ്ചായത്ത്. | 800000 | 794235 | 225360/-<br>12/18-3-21<br>58900/-<br>15/23.3.21 | 225360/-<br>58900/- |
| 3 | 209/21(Spill Over)<br>പാലിയേറ്റീവ് കെയർ | 436360 | 91490 | 26250<br>13/18.3.21 | 26250/- |
| | | | | ആകെ | 3,36,148/- |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി – 2/2021, 26-11-2021

**1-12 വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല**

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി വിഭാവനം ചെയ്ത വീട് മെയിന്റനൻസിന്റെ വിവിധ പ്രോജക്ടുകളിലായി ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികൾ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയില്ല.

| പ്രോജക്ട് നമ്പർ , പേര് അടങ്കൽ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | നൽകിയ തുക | ലഭ്യമാക്കിയ മറുപടിയുടെ വിവരം |
|---|---|---|---|---|
| 5721 വീട് പുനരുദ്ധാരണം. (ജനറൽ)<br>ആകെ അടങ്കൽ-172500<br>ആകെ ചിലവ് തുക-1460000 | 1. ആതിര, അഞ്ജലി ഭവൻ.<br>മരുതുമൺ, വാർഡ്-13<br>2. കൊച്ചിക്ക, പറങ്കിമാംവിളവീട്.<br>മരുതുമൺഭാഗം, | 35/7.1.21<br>35/7.1.21<br>35/7.1.21 | 10,000<br>10,000<br>10,000 | പണി പൂർത്തീകരിച്ചിട്ടില്ല. നോട്ടീസ് അയച്ച് തുടർനടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. |

| | | | | |
|---|---|---|---|---|
| | വാർഡ്-13<br>3. വിജയലക്ഷ്മി.<br>ഷൈജുഭവനം, വാർഡ്-9 | | | |
| 61/21 വീട് പുനരുദ്ധാരണം (എസ്.സി.പി)-<br>ആകെ അടങ്കൽ-1750000<br>ആകെ ചിലവ്-14250000 | 1.വിലാസിനി, അടയ്ക്കാമരക്കുഴി, വാർഡ്-8 | 68/16.3.21 | 25000 | ഉടൻപണി പൂർത്തിയാക്കുന്നതാണ് എന്നറിയിച്ചു. |
| | 2. കുഞ്ഞിക്കുട്ടി, പ്രദീപ് ഭവൻ വാർഡ്-12 | 63.3.216/ | 25000 | പണി പൂർത്തീകരിച്ചിട്ടില്ല. നോട്ടീസ് അയച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. |

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടികളും ഉണ്ടാകേണ്ടതാണ്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണവിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ- 1/24-11-2021

**<u>1-13 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയായില്ല.</u>**

പ്രോജക്ട് നം - 60/21

വിദ്യാർത്ഥികൾക്ക് പഠന മുറി. [ പട്ടികജാതി ]

ആകെ അകൽ - 3,00,000/-

ആകെ ചിലവ് - 100000/-

ബിൽ നം. 5/1.12.21.

ഒരു ഗുണഭോക്താവിന് 150000/- രൂപ വീതം 2 ഗുണഭോക്താക്കൾക്ക് വികസന ഫണ്ട് എസ്.സി.പി യിൽ നിന്ന് 300000/- രൂപ വകയിരുത്തിയ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ 50000/- രൂപ വീതം കൈപ്പറിയെങ്കിലും നാളിതു വരെ പണി പൂർത്തീകരിച്ച് ബാക്കി തുക കൈപ്പറ്റിയതായി കാണുന്നില്ല.

1. വത്സല, നന്ദുഭവൻ, കന്നിമേൽ, വാർഡ്-8
2. ഇന്ദിരാഭായി, അഭിനിവാസ്, വാർഡ്-8

വിശദീകരണം ആരാഞ്ഞുനൽകിയ എൻക്വയറിക്ക് പ്രസ്തുത ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്ന് വി.ഇ.ഒ മറുപടി നൽകി. പണി പൂർത്തയാക്കി, വാല്യുവേഷൻ പ്രകാരം ബാക്കി തുക നൽകി, രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-നം-14, തീയതി-29-11-21

**<u>1-14 പൊതുടാപ്പുകൾ-സംയുക്ത പരിശോധന അനിവാര്യം</u>**

ഗ്രാമപഞ്ചായത്തിൽ ആകെ 42 ടാപ്പുകൾക്കാണ് നിലവിൽ വാട്ടർ ചാർജ് അടയ്ക്കുന്നത്. ടാപ്പൊന്നിന് 5250/-രൂപ ആണ് പ്രതിവർഷനിരക്ക്. പ്രതിമാസം 18,375/- രൂപ ഈ ഇനത്തിൽ KWA യ്ക്ക് അടവാക്കുന്നു (പ്രതിവർഷം 220500/- രൂപ). മുൻവർഷങ്ങളിൽ ശേഖരിച്ച വാർഡ്

തലത്തിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തുക അടവാക്കിവരുന്നത്. പൊതുടാപ്പുകളുടെ എണ്ണം കൃത്യതപ്പെടുത്തി വാർഡ് തലത്തിലുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. പഞ്ചായത്ത്-വാട്ടർഅതോറിറ്റി സംയുക്ത പരിശോധന അടിയന്തിരമായി നടപ്പാക്കി പൊതുടാപ്പുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരശേഖരണം നടത്തേണ്ടത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. വാർഡ് തലത്തിൽ പൊതുടാപ്പുകളെ സംബന്ധിച്ച രജിസ്റ്റർ എല്ലാവിശദാംശങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

**1-15 ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വരവ് നഷ്ടം -262600/- രൂപ**

2020-21 വർഷത്തെ ലേലരജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് നടത്തിയ ലേലത്തിൽ പങ്കെടുത്ത് ലേലം കൊണ്ട വ്യക്തികൾ ലേലത്തുക പൂർണ്ണമായും ഒടുക്കവരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ലേല ഇനം | ലേലത്തുക | ലേലംകൊണ്ട വ്യക്തി | അടവാക്കിയ തുക | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| മാട്ടിറച്ചി സ്റ്റാൾ പബ്ലിക്ക് മാർക്കറ്റ്, പട്ടാഴി | 504600 | ശ്രീ. നൗഷാദ്, റോഡരികത്ത് പുരയിടം, പാതിരിക്കൽ, പത്തനാപുരം | 421000 | 83600 |
| മാട്ടിറച്ചി സ്ററാൾ തെക്കേത്തേരി | 75000 | ശ്രീ. നൗഷാദ്, മാജിദ മൻസിൽ മണ്ണായിക്കോണം | 51000 | 24000 |
| മാട്ടിറച്ചി സ്റ്റാൾ,മയിലാടുംപാറ | 376000 | ശ്രീ. അബ്ദുൾ കരീം, കുരവിക്കാട്ട് പുരയിടം, ഇടത്തറ | 221000 | 155000 |
| ആകെ | | | | 262600/- |

മേൽ ലേലങ്ങൾ പഞ്ചായത്തുകമ്മിറ്റിയുടെ 18.3.2020 തീയതിയിലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ലേലനിബന്ധനകളിലെ ക്രമ നം. 10 ആയി ഉൾപ്പെടുത്തിയിട്ടുള്ള ലേലവിവരത്തിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാലുടൻ ലേലം കൊണ്ടയാൾ ലേലസംഖ്യ ഒന്നായി പഞ്ചായത്തിൽ ഒടുക്കവരുത്തേണ്ടതാണെന്നും 200 രൂപ മുദ്രപ്പത്രത്തിൽ നിയമാനുസൃത കരാർ വയ്ക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യക്തികളുമായി കരാർ വച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

എന്നാൽ ലേലക്കാരുമായി നിയമാനുസൃതമായ കരാർ വയ്ക്കാതെ ലേലം ഉറപ്പിച്ച് നൽകിയിനാൽ തുടർന്നുവന്ന ഉദ്യോഗസ്ഥർക്ക് ലേലത്തുക ഈടാക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ ലേലവരവ് നഷ്ടം 262600/- രൂപ നടപടിക്രമങ്ങൾ പാലിക്കാതെ, ലേലമുറപ്പിച്ചു നൽകിയ സെക്രട്ടറിയിൽ നിന്ന് പലിശസഹിതം ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

എൻക്വയറി നം-3/26.11.2021

**1-16 വാടക ഈടാക്കാൻ അവശേഷിക്കുന്നു.**

2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ വാടക ഒടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| കടമുറി നം. | വാടകക്കാരന്റെ പേര് | മാസവാടക+GST+FC | വാടകക്കുടിശ്ശിക (രജിസ്റ്റർ പ്രകാരം) |
|---|---|---|---|
| NSC-15 | ആസാദ് കുളങ്ങരകലയിൽ താഴത്തുവടക്ക് | 753+136+8 | 6241+1123+62= 7426 |
| NSC ഹാൾ-1എ | പ്രദീപ് കുമാർ നിവേദ്യം | 1505+270+15 | 18060+1123+62= 19245 |
| SPSC-10 | സുനിൽ. ജി എസ്സ്.എസ്സ് നിവാസ് | 4040+728+40 | 36966+6654+370= 43990 |
| SPSC-12 | രവീന്ദ്രൻപിള്ള ചന്ദ്രികാസദനം | 931+168+9 | 11172+2011+112= 13295 |
| SPSC-13 | രവീന്ദ്രൻപിള്ള ചന്ദ്രികാസദനം | 2750+456+28 | 33000+5940+330= 39270 |
| NBS-3 | നൗഷാദ് റോഡരികത്ത് പുരയിടം | 2625+473+26 | 31500+5670+315= 37485 |
| **ആകെ** | | | **160711/-** |

വാടകക്കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാൻ അവശേഷിക്കുന്ന വാടക പിഴപ്പലിശ സഹിതം നിക്ഷേപത്തുകയിൽ ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം-3/26.11.2021

**1-17 ജീവനക്കാരുടേയും സ്ഥാപനങ്ങളുടേയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.**

2020-21 സാമ്പത്തികവർഷത്തെ തൊഴിൽനികുതി രജിസ്റ്ററും സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധവർഷത്തേയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം വ്യക്തിയുടെ മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്. എന്നാൽ ടി സ്ഥാപനങ്ങൾ/ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങളെ ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ഡിമാന്റ് നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല. സ്ഥാപനങ്ങളെ ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം-5/26.11.2021

**1-18 പഞ്ചായത്തു പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

2020-21 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | വാർഡ് നം./കെട്ടിട നം. | സ്ഥാപനം |
|---|---|---|---|
| 1 | അലക്സാണ്ടർ മത്തായി | 9/1017 | ടെക്സ്റ്റയിൽസ് |
| 2 | രമേശ്കുമാർ | 11/206<br>207 | ഫാൻസി സ്റ്റോർ |
| 3 | ലീലാമ്മ ബേബി | 9/833 | ഫാം |
| 4 | അമ്പിളി | 9/600 | അമ്പിളി സ്റ്റോർ |
| 5 | നാസറുദ്ദീൻ | 9/20 | ചിക്കൻ സെന്റർ |
| 6 | ഷിബു ജോൺ | 11/652 | അമിഗോസ് ഇൻഡസ്ട്രീസ് |
| 7 | വി.ദിവാകരൻ | 2/573 | ഫാൻസി സെന്റർ |
| 8 | യോഹന്നാൻ ഗീവർഗ്ഗീസ് | 4/190 | റാണി ഹണി& സ്പൈസസ് |
| 9 | പി.ആർ.പ്രസാദ് | 12/265 | അഞ്ജലി സ്റ്റോർ |
| 10 | ദീപ.പി | 9/599 | അഭീസ് കൂൾ പാർക്ക് |
| 11 | കെ.എം.വർഗ്ഗീസ് | 13/6 | റബ്ബർ സ്റ്റോഴ്സ് |
| 12 | സാലി ജോണി | 9/851 | സ്റ്റേഷനറി |
| 13 | സനൽ | 1/121 | നിർമ്മിതി മെറ്റീരിയൽ സപ്ലൈയേഴ്സ് |
| 14 | സാം ഡാനിയൽ | 7/371 | കാറ്ററിംഗ് |
| 15 | സുബൈർ.എസ് | 9/759 | ടെക്സ്റ്റയിൽസ് |
| 16 | സുലൈമാൻ റാവുത്തർ | 9/528 | സ്റ്റേഷനറി |
| 17 | സുധാകരൻനായർ | 7/169 | പലചരക്ക് വ്യാപാരം |
| 18 | ആർ.ചന്ദ്രശേഖരൻനായർ | 4/91 | പച്ചക്കറി,ഫലവൃക്ഷങ്ങൾ ശേഖരിച്ച് വില്പന |
| 19 | ഷൗക്കത്തലി | 5/107 | കോഴി വ്യാപാരം |
| 20 | തുളസീധരൻ | 12/596<br>628 | സ്റ്റേഷനറി |

ടി വ്യക്തികൾ ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 232 വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പാറഖനനം ചെയ്യുന്നതിനുള്ള ലൈസൻസ് എടുക്കുന്നതിനായി ശ്രീ. കൃഷ്ണമൂർത്തി, ശ്രീ. ബിജുലാൽ എന്നിവർ സമർപ്പിച്ച അപേക്ഷയിൽ DEIAA യുടെ (District Environment Impact Assessment Authority) വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന്

നിർദ്ദേശിച്ചതായി കാണുന്നു. എന്നാൽ ആയതിന്മേൽ തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല. ക്ലിയറൻസിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചാണോ ക്വാറികൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണോ ക്വാറികൾ പ്രവർത്തിക്കുന്നതെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.8/27.11.2021

**1-19 തനതുഫണ്ടിന് രണ്ട് അക്കൗണ്ട് നിലനിർത്തുന്നു.**

തനതുവരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്ന 58725/എഫ്.എം.3/2008/തസ്വഭവ തീയതി 26.5.2011 സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നില്ല. ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത ബാങ്കിലോ /സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം തനതുവരുമാനം നിക്ഷേപിക്കണമെന്ന നിർദ്ദശംപാലിക്കാതെ കേരള ഗ്രാമീൺ ബാങ്ക്, പട്ടാഴി, പട്ടാഴി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ ബാങ്കുകളിൽ അക്കൗണ്ടുകൾ നിലനിർത്തുന്നു.തനതു ഫണ്ടിന് ഒറ്റ അക്കൗണ്ട് മാത്രം നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-20 മിനി മിസ്റ്റ് ലൈറ്റുകളുടെ മെയിന്റൻസ് (282/21), അധികം ചെലവഴിച്ച 16,365/- രൂപ നിരാകരിക്കുന്നു**

പ്രോജക്ട് - മിനി മിസ്റ്റ് ലൈറ്റുകളുടെ മെയിന്റൻസ് (282/21)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 65,618/- (ധനകാര്യകമ്മീഷൻ അവാർഡ്)

തനത് ഫണ്ട് - 34,382/-

ടി പ്രോജക്ടിനായി ടെണ്ടറുകൾ ക്ഷണിച്ചതിൽ താഴെ കൊടുത്തിരിക്കും പ്രകാരം ടെണ്ടറുകൾ ലഭിച്ചു.

| ക്രമ നം. | സ്ഥാപനം | നിരക്ക് |
|---|---|---|
| 1 | കൊച്ചു മേലതിൽ ഏജൻസീസ്, കുണ്ടറ | 9% കുറവ് |
| 2 | സതീഷ് കുമാർ, തേവലപ്പുറം | 12.15 %കുറവ് |
| 3 | ജി. ബാബു കുമാർ, കാർത്തിക വിലാസം, കന്നിമേൽ | എസ്റ്റിമേറ്റ് നിരക്ക് |
| 4 | ഹരി കുമാർ, ദേവാനന്ദ ഇലക്ട്രിക്കൽസ്, ചന്ദനത്തോപ്പ് | 11% കുറവ് |
| 5 | റിസാഫ് ക്ലട്ടിംഗ് സൊല്യൂഷൻ, ഇടവെട്ടി, തൊടുപുഴ | 30%കുറവ് |

09-12-2019 ലെപഞ്ചായത്ത് കമ്മറ്റിയുടെ 2(6) നമ്പർ തീരുമാനപ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സതീഷ് കുമാർ, തേവലപ്പുറം (12.15 %കുറവ്)എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചു തീരുമാനിച്ചു. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് റിസാഫ് ക്ലട്ടിംഗ് സൊല്യൂഷൻ, ഇടവെട്ടി, തൊടുപുഴ (30% കുറവ്) എന്ന സ്ഥാപനമാണ്. ടി സ്ഥാപനത്തെ ഒഴിവാക്കി പങ്കെടുത്ത സ്ഥാപനങ്ങളുടെ പട്ടിക പഞ്ചായത്ത് കമ്മറ്റിക്ക് നല്കിയതിനാലാണ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ വ്യക്തിയായി ശ്രീ.സതീഷ് കുമാറിനെ അംഗീകരിച്ചത്. ഇതുമൂലം താഴെ കൊടുത്തിരിക്കും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

നല്കിയ തുക

പ്രവൃത്തിമൂല്യം - 91,681/-

(-) ടെണ്ടർ കുറവ് 12.15%-11139

തുക - 80542/- ( ടി തുക ബിൽ നം 22/20-21, 30-11-20 പ്രകാരം 65618/- രൂപ, ചെക്ക് നം-008387 /30.11.20 പ്രകാരം 14924/- രൂപ ക്രമത്തിൽ പിൻവലിച്ച നല്കി)

ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ റിസാഫ് ക്ലട്ടിംഗ് സൊല്യൂഷൻ, ഇടവെട്ടി, തൊടുപുഴഎന്ന സ്ഥാപനത്തെ അംഗീകരിച്ചിരുന്നെങ്കിൽ നല്കേണ്ടിയിരുന്ന തുക

പ്രവൃത്തിമൂല്യം – 91,681/-

(-) ടെണ്ടർ കുറവ് 30% - 27,504

തുക — 64177/-

അധികം നല്കിയ തുക - (80542-64177) 16,365/- രൂപ

മതിയായ കാരണം രേഖപ്പെടുത്താതെ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പടുത്തിയ ടെണ്ടർ ഒഴിവാക്കി തുക അധികം ചെലവഴിച്ച നടപടി അംഗീകരിക്കുന്നില്ല. അതിനാൽ അധികം ചെലവഴിച്ച 16,365/- രൂപ നിരാകരിക്കുന്നു. ടി തുക ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പടുത്തിയ ടെണ്ടർ ഒഴിവാക്കി ടെണ്ടർ അംഗീകാരത്തിന് നല്കിയ സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം - 09/29-11-2021

നിരാകരണം - 16,365/- രൂപ

**<u>1-21 ടാർവീപ്പയുടെ വില ഇനത്തിൽ തനതുഫണ്ടിൽ അടവാക്കിയിട്ടുള്ള 8178 രൂപ സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല.</u>**

സർക്കുലർ നം 59827/FM/07/തസ്വഭവ , തീ 30-10-07 പ്രകാരം ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഗവ. ഉത്തരവ് 177/06/ധനം, തീയതി 12-04-2006 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം. 2020-21 സാമ്പത്തിക വർഷത്തിൽ ടാർ വീപ്പയുടെ വില ഇനത്തിൽ (ജി.എസ്.ടി ഉൾപ്പെടെ) കരാറുകാരനിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ ഒടുക്കുവരുത്തിയിട്ടുള്ള താഴെകൊടുത്തിരിക്കുന്ന തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കാലി ബാരൽ വില | ജി എസ് ടി | ആകെ |
|---|---|---|---|---|
| 1 | സുജിൻ ആഡിറ്റോറിയം തുണ്ടത്തിൽ ജംഗ്ഷൻ റോഡ് റീ ടാറിംഗ്<br>അടങ്കൽ തക - 396400/- (സംരക്ഷണ ഗ്രാന്റ്)<br>ബിൽ നം - 3/20-21, 22-04-20 | 2868 | 514 | 3384 |
| 2 | കോളൂർ കോടിയാട്ട് റോഡ് റീ ടാറിംഗ്<br>അടങ്കൽ തക – 555000/- (സംരക്ഷണ ഗ്രാന്റ്)<br>ബിൽ നം - 69/20-21, 15-10-20 | 4063 | 731 | 4794 |
| | ആകെ | 6931 | 1245 | 8178 |

തുക സർക്കാരിലേയ്ക്ക ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 12/29.11.2021

**1-22 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 1931868/- രൂപ തടസ്സപ്പെടുത്തുന്നു**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | നല്കിയ തുക | ബിൽ നം |
|---|---|---|---|---|
| 1 | ഡി പി സി കെട്ടിട നിർമ്മാണം (308/21)<br>വിഹിതം കൈമാറൽ<br>അടങ്കൽ തുക-150000 | ജില്ലാ പ്ലാനിംഗ് ഓഫീസ്, കൊല്ലം | 150000 | 17/20-21,11-11-20 |
| 2 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിവയ്ക്കൽ<br>അടങ്കൽ തുക-166360 | കെ എസ് ഇബി | 1,66,360 | 21/20-21,<br>16-11-20 |
| 3 | താലൂക്ക് ആശുപത്രിക്ക് സ്ഥലം വാങ്ങൽ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ<br>അടങ്കൽ തുക-1500000 | ബ്ലോക്ക് പഞ്ചായത്ത്, പത്തനാപുരം | 351374<br>9679<br>1138947 | 38/29-03-21<br>39/29-03-21<br>40/30-03-21 |
| 4 | മിനി മാറ്റ്സ് വൈദ്യുത കണക്ഷൻ കെ എസ് ഇബിയിൽ അടവാക്കൽ<br>അടങ്കൽ തുക-120000 | കെ എസ് ഇബി | 115508 | 03/11-05-20 |
| | | ആകെ | 1931868 | |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 1931868/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 1931868/- രൂപ

ഓഡിറ്റ് അന്വേഷണം - 09/29-11-2021

**1-23 കരാറിൽ ഏർപ്പെടുവാൻ വിസമ്മതിച്ച കരാറുകാരന്റെ നിരത ദ്രവ്യം കണ്ട് കെട്ടി മുതൽ കൂട്ടിയിട്ടില്ല**

പ്രവൃത്തി- കീഴേവീട്ടിൽ ചരുവിള കോളനിയിൽ ഓടയുടെ മുകളിൽ സ്ലാബ് നിർമ്മിച്ച് നടപ്പാത നിർമ്മാണവും, പാർശ്വഭിത്തി നിർമ്മാണവും, മണ്ണ് ഫില്ലിംഗും.

ടി പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ. ബി. മധു, തോട്ടകത്ത് വീട്, ചെളിക്കുഴി എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചു. എന്നാൽ ടിയാൻ പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുവാൻ വിസമ്മതിക്കുകയും പ്രവൃത്തി റീ ടെണ്ടർ ചെയ്യുകയും ചെയ്തു. നിബന്ധന പ്രകാരം ടിയാൻ ഒടുക്കവരുത്തിയിട്ടുള്ള നിരതദ്രവ്യം 26960/- രൂപ കണ്ട് കെട്ടി മുതൽകൂട്ടിയിട്ടില്ല. ടി തുക കണ്ട് കെട്ടി മുതൽകൂട്ടി വിവരം അറിയിക്കേണ്ടതാണ്.

**1-24 ഗവ. എൽ പി എസ് തെക്കേത്തേരി സ്കൂൾ മെയിൻറൻസ്, ഒന്നാം ഭാഗിക ബില്ലിൽ നിന്നും റീ ടെൻഷൻ ഇനത്തിൽ ഈടാക്കിയ തുക കരാറുകാരന് തിരികെ നല്കിയിട്ടില്ല**

പ്രവൃത്തി – ഗവ. എൽ പി എസ് തെക്കേത്തേരി സ്കൂൾ മെയിൻറൻസ്,

കരാറുകാരൻ - ശ്രീ. ശശി, ശരൺ ഭവൻ, ചെളിക്കുഴി

കരാർ - 13/AE/LSGD/PTZHY/2019-20, 16-11-2019

അടങ്കൽ തുക -

ടി പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബില്ലിൽ നിന്നും 6814/- രൂപ കുറവുവരുത്തി. ടി തുക ഒഴിവാക്കിയ തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു

ഒന്നാം ഭാഗിക ബിൽ

പ്രവൃത്തിമൂല്യം – 272570/-

(-) റീ ടെൻഷൻ 2.5%-6814

(+) ജി എസ് ടി 12%-31891

ആകെ – 297647/- ബിൽ നം 45 തീ.03-01-20 പ്രകാരം പിൻവലിച്ചു.

എന്നാൽ ടി പ്രവൃത്തിയുടെ അന്തിമബിൽ നല്കിയപ്പോൾ ടി തുക കരാറുകാന് നല്കിയിട്ടില്ല. അന്തിമ ബിൽ താഴെ കൊടുത്തിരിക്കും പ്രകാരമാണ് നല്കിയിട്ടുള്ളത്.

പ്രവൃത്തിമൂല്യം – 415476/-

(-)ഒന്നാം ഭാഗിക ബിൽ – 272570/-

തുക – 142906/-

(+) ജി എസ് ടി 12% - 17149/-

ആകെ – 160055/- ടി തുക ബിൽ നം 40 തീ. 13-08-20 പ്രകാരം പിൻവലിച്ചു.

റീ ടെൻഷൻ ഇനത്തിൽ ഈടാക്കിയ തുക തനതുഫണ്ടിൽ ഒടുക്കുവരുത്തുകയും അന്തിമ ബിൽ നല്കുമ്പോൾ ബിൽ തുകയോടൊപ്പം കരാറുകാരന് നല്കുകയും ചെയ്യേണ്ടതാണ്. റീ ടെൻഷൻ ഇനത്തിൽ കുറവുവരുത്തിയ തുക കരാറുകാരന് തിരികെ നല്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം – 12/29.11.21

**1-25 അടയ്ക്കാമരക്കുഴി റോഡ് കോൺക്രീറ്റ്, അധികമായി ചെലവഴിച്ചിട്ടുള്ള 556/- രൂപ തിരികെ ഈടാക്കണം**

പ്രവൃത്തി - അടയ്ക്കാമരക്കുഴി റോഡ് കോൺക്രീറ്റ്
പ്രോജക്ട് നം. 225/21

അടങ്കൽ തുക – 282000/-

കരാറുകാരൻ - ശ്രീ. റജികുമാർ, പൊയ്കയിൽ ഹൗസ്

കരാർ - 49/AE/LSGD/PTZHY/2019-20,27-11-2019

എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.1% കുറവിൽ കരാറിലേർപ്പെട്ടിട്ടുള്ള ടി പ്രവൃത്തിയുടെ അന്തിമബിൽ താഴെ കൊടുത്തിരിക്കും പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്.

| | |
|---|---|
| പ്രവൃത്തി മൂല്യം | 2,48,051 |
| (-)0.1% ടെണ്ടർ കുറവ് | 248 |
| | 248299 |
| (+)ജി എസ് ടി 12% | 29796 |

| | |
|---|---|
| | 2,78,095 |

ടി തുക ബിൽ നം 48, തീയതി 13-08-2020 പ്രകാരം പിൻവലിച്ചു.

എന്നാൽ ബിൽ തയ്യാറാക്കേണ്ടിയിരുന്നത് താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

| | |
|---|---|
| പ്രവൃത്തി മൂല്യം | 2,48,051 |
| (-)0.1% ടെണ്ടർ കുറവ് | 248 |
| | 2,47,803 |
| (+)ജി എസ് ടി 12% | 29,736 |
| | 277539 |

അധികം പിൻവലിച്ച തുക (2,78,095 - 2,77,539) 556/- രൂപ തിരികെ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 12/29-11-2021

**<u>1-26 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.</u>**

പട്ടാഴി ഗ്രാമ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്യുവാൻ ആരംഭിച്ച വർഷം മുതൽ ഇതുവരെ പ്രവൃത്തികളുടെ ടെണ്ടർഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിവരുന്നത്. ഗ്രാമ പഞ്ചായത്തിൻറെ തനത് വരുമാനമായ ടിതുക നാളിതുവരെ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ലഭിക്കുവാനുള്ള തുകയുടെ വർഷം തിരിച്ചിട്ടുള്ള വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 29-11-2021 ൽ ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും (നം-12) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

**<u>1-27 ബൈലിംഗ് മേഷീൻ വാങ്ങൽ, വാങ്ങിയ ഉപകരണം നാളിതുവരെ കമ്മീഷൻ ചെയ്തിട്ടില്ല, 561216/- രൂപ തടസ്സപ്പെടുത്തുന്നു, അധികമായി നല്കിയ 17966. രൂപാ നിരാകരിക്കുന്നു</u>**

പ്രോജക്ട് - ബൈലിംഗ് മേഷീൻ വാങ്ങൽ (320/21)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക - 5,65,000/- (ധനകാര്യ കമ്മീഷൻ ഗ്രാൻറ്)

ചെലവ് - 5,61,216/- (ബിൽ നം 31, തീയതി-12-03-2021)

16-02-2021 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(3) തീരുമാനപ്രകാരം ബൈലിംഗ് മേഷീൻ വാങ്ങുന്നതിനായി ക്ലീൻ കേരളാ കമ്പനിയുമായി 26-02-20 ൽ കരാറിലേർപ്പെടുകയും 4-02-2021ലെ ക്ലീൻ കേരളാ കമ്പനിയുടെ ഇൻവോയിസ് നം 158 പ്രകാരം 561216/- രൂപ ബിൽ നം. 31, തീയതി 12-03-2021 പ്രകാരം പിൻവലിച്ച് നല്കുകയും ചെയ്തു. കരാർ പ്രകാരം കരാറിലേർപ്പെട്ട് 90 ദിവസത്തിനകം മെഷീൻ വിതരണം ചെയ്യേണ്ടതാണ്. തുക ലഭിച്ചുകഴിഞ്ഞാൽ 3 ആഴ്ചകൾക്കകം മെഷീൻ സ്ഥാപിച്ച് കമ്മീഷൻ ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ വൈദ്യുത സംവിധാനം ഗ്രാമ പഞ്ചായത്ത് ചെയ്യേണ്ടതുമാണ്. ഇതു സംബന്ധിച്ച് 30-11-21 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന്

(നം 16) വൈദ്യുത ബന്ധം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്.

ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കാതെ ഉപകരണം വാങ്ങിയതിനാൽ ഇതിനായി ചെലവഴിച്ച 543250/- (561216-17966) രൂപ തടസ്സപ്പെടുത്തുന്നു. വൈദ്യുത ബന്ധം ലഭ്യമാക്കി, മെഷീൻ സ്ഥാപിച്ച് കമ്മീഷൻ ചെയ്ത് വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

4-02-2021 ലെ ക്ലീൻ കേരളാ കമ്പനിയുടെ പ്രൊഫോർമ ഇൻവോയിസ് നം. 158 താഴെ കൊടുത്തിരിക്കും പ്രകാരമാണ്.

| | | |
|---|---|---|
| Bailing Machine | 1 | 4,49152.54 |
| Service Charge | 1% | 22,457.63 |
| CGST 9% | 9% | 42,444.92 |
| SGST 9% | 9% | 42,444.92 |
| KFC | 1% | 4716.11 |
| Round Off | | (-)0.12 |
| | | 5,61,216 |

ഇൻവോയിസ് പ്രകാരം Service Charge 1% ആണ്. ഇത് 4491.52 രൂപ മാത്രമാണ്. എന്നാൽ 22457.63 രൂപയാണ് സർവീസ് ചാർജ് 1% എന്ന് രേഖപ്പെടുത്തി നൽകിയിട്ടുള്ളത്. 17966.11 രൂപ അധികമായാണ് Service Charge ഇനത്തിൽ കണക്കാക്കിയിരിക്കുന്നത്. അധികമായി നല്കിയിരിക്കുന്ന 17966/- രൂപ നിരാകരിക്കുന്നു. ടി തുക തിരികെ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

നിരാകരണം – 17966/- രൂപ

ഓഡിറ്റ് അന്വേഷണം - 16/30-11-2021

തടസ്സം – 543250/- രൂപ

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വരവ് നഷ്ടം -262600/- രൂപ

2020-21 വർഷത്തെ ലേലരജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് നടത്തിയ ലേലത്തിൽ പങ്കെടുത്ത് ലേലം കൊണ്ട വ്യക്തികൾ ലേലത്തുക പൂർണ്ണമായും ഒടുക്കുവരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ലേല ഇനം | ലേലത്തുക | ലേലംകൊണ്ട വ്യക്തി | അടവാക്കിയ തുക | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| മാട്ടിറച്ചി സ്റ്റാൾ പബ്ലിക്ക് മാർക്കറ്റ്, പട്ടാഴി | 504600 | ശ്രീ. നൗഷാദ്, റോഡരികത്ത് പുരയിടം, പാതിരിക്കൽ, പത്തനാപുരം | 421000 | 83600 |
| മാട്ടിറച്ചി സ്ററാൾ തെക്കേത്തേരി | 75000 | ശ്രീ. നൗഷാദ്, മാജിദ മൻസിൽ | 51000 | 24000 |

| | | | | |
|---|---|---|---|---|
| | | മണ്ണായിക്കോണം | | |
| മാട്ടിറച്ചി സ്റ്റാൾ,മയിലാടുംപാറ | 376000 | ശ്രീ. അബ്ദുൾ കരീം, കുരവിക്കാട്ട് പുരയിടം, ഇടത്തറ | 221000 | 155000 |
| ആകെ | | | | 262600/- |

മേൽ ലേലങ്ങൾ പഞ്ചായത്തുകമ്മിറ്റിയുടെ 18.3.2020 തീയതിയിലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ലേലനിബന്ധനകളിലെ ക്രമ നം. 10 ആയി ഉൾപ്പെടുത്തിയിട്ടുള്ള ലേലവിവരത്തിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാലുടൻ ലേലം കൊണ്ടയാൾ ലേലസംഖ്യ ഒന്നായി പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണെന്നും 200 രൂപ മുദ്രപ്പത്രത്തിൽ നിയമാനുസൃത കരാർ വയ്ക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യക്തികളുമായി കരാർ വച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

എന്നാൽ ലേലക്കാരുമായി നിയമാനുസൃതമായ കരാർ വയ്ക്കാതെ ലേലം ഉറപ്പിച്ചു നൽകിയിനാൽ തുടർന്നുവന്ന ഉദ്യോഗസ്ഥർക്ക് ലേലത്തുക ഈടാക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ ലേലവരവ് നഷ്ടം 262600/- രൂപ നടപടിക്രമങ്ങൾ പാലിക്കാതെ, ലേലമുറപ്പിച്ചു നൽകിയ സെക്രട്ടറിയിൽ നിന്ന് പലിശസഹിതം ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

എൻക്വയറി നം-3/26.11.2021

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മിനി മിസ്റ്റ് ലൈറ്റുകളുടെ മെയിന്റൻസ് (282/21), അധികം ചെലവഴിച്ച 16,365/- രൂപ നിരാകരിക്കുന്നു

പ്രോജക്ട്-മിനി മിസ്റ്റ് ലൈറ്റുകളുടെ മെയിന്റൻസ് (282/21)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 65,618/- (ധനകാര്യകമ്മീഷൻ അവാർഡ്)

തനത് ഫണ്ട് - 34382/-

ടി പ്രോജക്റ്റിനായി ടെണ്ടറുകൾ ക്ഷണിച്ചതിൽ താഴെ കൊടുത്തിരിക്കും പ്രകാരം ടെണ്ടറുകൾ ലഭിച്ചു.

| ക്രമ നം. | സ്ഥാപനം | നിരക്ക് |
|---|---|---|
| | കൊച്ചു മേലതിൽ ഏജൻസീസ്, കുണ്ടറ | 9% കുറവ് |
| | സതീഷ് കുമാർ, തേവലപ്പുറം | 12.15 %കുറവ് |
| | ജി. ബാബു കുമാർ, കാർത്തിക വിലാസം, കന്നിമേൽ | എസ്റ്റിമേറ്റ് നിരക്ക് |
| | ഹരി കുമാർ, ദേവാനന്ദ ഇലക്ട്രിക്കൽസ്, ചന്ദനത്തോപ്പ് | 11% കുറവ് |
| | റിസാഫ് ക്ലട്ടിംഗ് സൊലൂഷൻ, ഇടവെട്ടി, തൊടുപുഴ | 30%കുറവ് |

09-12-2019 ലെപഞ്ചായത്ത് കമ്മറ്റിയുടെ 2(6) നമ്പർ തീരുമാനപ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സതീഷ് കുമാർ, തേവലപ്പുറം (12.15 %കുറവ്) എന്ന വ്യക്തിയുടെ

ടെണ്ടർ അംഗീകരിച്ചു തീരുമാനിച്ചു. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് റിസാഫ് ക്ലട്ടിംഗ് സൊല്യൂഷൻ, ഇടവെട്ടി, തൊടുപുഴ (30%കുറവ്) എന്ന സ്ഥാപനമാണ്.ടി സ്ഥാപനത്തെ ഒഴിവാക്കി പങ്കെടുത്ത സ്ഥാപനങ്ങളുടെ പട്ടിക പഞ്ചായത്ത് കമ്മറ്റിക്ക് നല്കിയതിനാലാണ് ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ വ്യക്തിയായി ശ്രീ. സതീഷ് കുമാറിനെ അംഗീകരിച്ചത്. ഇതുമൂലം താഴെ കൊടുത്തിരിക്കും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

നല്കിയ തുക

പ്രവൃത്തിമൂല്യം - 91,681

(-) ടെണ്ടർ കുറവ് 12.15% - 11139

തുക — 80542/- ( ടി തുക ബിൽ നം 22/20-21, 30-11-20 പ്രകാരം 65618/- രൂപ, ചെക്ക് നം-008387/30.11.20 പ്രകാരം 14924/- രൂപ ക്രമത്തിൽ പിൻവലിച്ചു നല്കി)

ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ റിസാഫ് ക്ലട്ടിംഗ് സൊല്യൂഷൻ, ഇടവെട്ടി, തൊടുപുഴ എന്ന സ്ഥാപനത്തെ അംഗീകരിച്ചിരുന്നെങ്കിൽ നല്കേണ്ടിയിരുന്ന തുക

പ്രവൃത്തിമൂല്യം - 91,681/-

(-) ടെണ്ടർ കുറവ് 30% - 27,504/-

തുക — 64,177/-

അധികം നല്കിയ തുക - (80542-64177) 16,365/- രൂപ

മതിയായ കാരണം രേഖപ്പെടുത്താതെ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പടുത്തിയ ടെണ്ടർ ഒഴിവാക്കി തുക അധികം ചെലവഴിച്ച നടപടി അംഗീകരിക്കുന്നില്ല. അതിനാൽ അധികം ചെലവഴിച്ച 16,365/- രൂപ നിരാകരിക്കുന്നു. ടി തുക ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പടുത്തിയ ടെണ്ടർ ഒഴിവാക്കി ടെണ്ടർ അംഗീകാരത്തിന് നല്കിയ സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം - 09/29-11-2021

നിരാകരണം - 16,365/- രൂപ

<u>3-2 ബൈലിംഗ് മേഷീൻ വാങ്ങൽ , വാങ്ങിയ ഉപകരണം നാളിതുവരെ കമ്മീഷൻ ചെയ്തിട്ടില്ല, 561216/- രൂപ തടസ്സപ്പെടുത്തുന്നു, അധികമായി നല്കിയ 17966/- രൂപ നിരാകരിക്കുന്നു</u>

പ്രോജക്ട് - ബൈലിംഗ് മേഷീൻ വാങ്ങൽ (320/21)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 5,65,000/- (ധനകാര്യ കമ്മീഷൻ ഗ്രാൻറ് )

ചെലവ് - 5,61,216/- (ബിൽ നം 31, തീയതി 12-03-2021)

16-02-2021 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(3) തീരുമാനപ്രകാരം ബൈലിംഗ് മേഷീൻ വാങ്ങുന്നതിനായി ക്ലീൻ കേരളാ കമ്പനിയുമായി 26-02-20 ൽ കരാറിലേർപ്പെടുകയും 4-02-2021 ലെ ക്ലീൻ കേരളാ കമ്പനിയുടെ ഇൻവോയിസ് നം 158 പ്രകാരം 561216/- രൂപ ബിൽ നം 31, തീയതി 12-03-2021 പ്രകാരം പിൻവലിച്ച് നല്കുകയും ചെയ്തു. കരാർ പ്രകാരം കരാറിലേർപ്പെട്ട് 90 ദിവസത്തിനകം മെഷീൻ വിതരണം ചെയ്യേണ്ടതാണ്. തുക ലഭിച്ചുകഴിഞ്ഞാൽ 3 ആഴ്ചകൾക്കകം മെഷീൻ സ്ഥാപിച്ച് കമ്മീഷൻ ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ വൈദ്യുത സംവിധാനം ഗ്രാമ

പഞ്ചായത്ത് ചെയ്യേണ്ടതുമാണ്. ഇതു സംബന്ധിച്ച് 30-11-21 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 16) വൈദ്യുത ബന്ധം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്.

ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കാതെ ഉപകരണം വാങ്ങിയതിനാൽ ഇതിനായി ചെലവഴിച്ച 543250/- (561216-17966) രൂപ തടസ്സപ്പെടുത്തുന്നു. വൈദ്യുത ബന്ധം ലഭ്യമാക്കി, മെഷീൻ സ്ഥാപിച്ച് കമ്മീഷൻ ചെയ്ത് വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

4-02-2021 ലെ ക്ലീൻ കേരളാ കമ്പനിയുടെ പ്രൊഫോർമ ഇൻവോയിസ് നം 158 താഴെ കൊടുത്തിരിക്കും പ്രകാരമാണ് നല്കിയിട്ടുള്ളത്.

| | | |
|---|---|---|
| Bailing Machine | 1 | 4,49,152.54 |
| Service Charge | 1% | 22,457.63 |
| CGST 9% | 9% | 42,444.92 |
| SGST 9% | 9% | 42,444.92 |
| KFC | 1% | 4,716.11 |
| Round Off | | (-)0.12 |
| | | 5,61,216 |

ഇൻവോയിസ് പ്രകാരം Service Charge 1% ആണ്. ഇത് 4491.52 രൂപ മാത്രമാണ്. എന്നാൽ 22457.63/- രൂപയാണ് സർവീസ് ചാർജ് 1% എന്ന് രേഖപ്പെടുത്തി നൽകിയിട്ടുള്ളത്. 17966.11 രൂപ അധികമായാണ് Service Charge ഇനത്തിൽ കണക്കാക്കിയിരിക്കുന്നത്. അധികമായി നല്കിയിരിക്കുന്ന 17966/- രൂപ നിരാകരിക്കുന്നു. ടി തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

നിരാകരണം – 17966/- രൂപ

ഓഡിറ്റ് അന്വേഷണം - 16/30-11-2021

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 25.11.21 | കെ.എസ്.എ.കെ.എൽ.എം.പി9/1672/21, 18/03/2022 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 43656 | നെൽകൃഷി വികസനം | 43656 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | അങ്കണവാടി പോഷകാഹാരം(ജനറൽ) | 200000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 75000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 158600 | ലൈഫ് മിഷൻ(ജനറൽ) | 158600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1773154 | ലൈഫ് മിഷൻ-ഭവനനിർമ്മാണം(എസ്സ്.സി.പി) | 1773154 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | വക്കിട്ടഴികം കഴിഉണ്ടിൽ റോഡ് കോൺക്രീറ്റിംഗ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | കാഞ്ഞിരംവിള നരീക്കോട് വിരുത്തി റോഡ് കോൺക്രീറ്റിംഗ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 91490 | പാലിയേറ്റീവ് കെയർ | 91490 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 91084 | അടയ്ക്കാമരക്കുഴി കോളനി റോഡ് സൈഡ് കെട്ട് | 0 | 91084 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 221623 | ഗാന്ധിനഗർ എസ്.സി.കോളനി റോഡ് കോൺക്രീറ്റിംഗും പാർശ്വഭിത്തി നിർമ്മാണവും | 221623 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 130646 | അടയ്ക്കാമരക്കുഴി കോളനി നടപ്പാത കോൺക്രീറ്റിംഗും പാർശ്വഭിത്തി നിർമ്മാണവും | 130646 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | കോട്ടുവിള പറങ്കിമാംവിള ഏലാ റോഡ് സൈഡ് നിർമ്മാണവും കലുങ്കും | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 800000 | ലൈഫ് മിഷൻ പദ്ധതി-ഭൂരഹിത ഭവനരഹിതർക്ക് ഭൂമിവാങ്ങൽ-എസ്.സി | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1400000 | ലൈഫ് മിഷൻ പദ്ധതി-ഭൂരഹിത ഭവനരഹിതർക്ക് ഭൂമിവാങ്ങൽ-ജനറൽ | 1400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 637537 | ലൈഫ് മിഷൻ പദ്ധതി-ജനറൽ | 295554 | 341983 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 196960 | വൃദ്ധജനങ്ങൾക്ക് കട്ടിൽ | 196960 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 50000 | അങ്കണവാടി പോഷകാഹാരം(ജനറൽ) | 50000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 395892 | പാലിന് സബ്സിഡി | 395892 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 721256 | കേരഗ്രാമം | 721256 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 346056 | ലൈഫ് മിഷൻ പദ്ധതി-ജനറൽ | 344446 | 1610 |
| ജില്ലാപഞ്ചായത്ത് | 2020-21 | 400000 | ലൈഫ് മിഷൻ പദ്ധതി-ഭൂരഹിത ഭവനരഹിതർക്ക് ഭൂമിവാങ്ങൽ- | 400000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 200000 | അങ്കണവാടിപോഷകാഹാരം-എസ്.സി.പി | 200000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല.

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC Loan | GO.(MS)No. 68/2018/LSGD Dtd 18-05-2018 | - | 64,78,823/- | 644156 | - | 5834667/- |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

ഇല്ല.

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 262600 | - | ശ്രീ. ഷെമീം. എ, സെക്രട്ടറി, പട്ടാഴി ഗ്രാമപഞ്ചായത്ത് |
| 3-1 | | 16365 | ശ്രീ. കോശി ഉമ്മൻ, സെക്രട്ടറി, പട്ടാഴി ഗ്രാമപഞ്ചായത്ത് |
| 3-2 | | 17966 | ശ്രീ. കോശി ഉമ്മൻ, സെക്രട്ടറി, പട്ടാഴി |

| | | | ഗ്രാമപഞ്ചായത്ത് |
|---|---|---|---|

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 316360 | ശ്രീ. കോശി ഉമ്മൻ, സെക്രട്ടറി, പട്ടാഴി ഗ്രാമപഞ്ചായത്ത് |
| | 1615508 | ശ്രീമതി. രേഖ കെ ആർ, അസി. സെക്രട്ടറി(സെക്രട്ടറി-ഇൻ-ചാർജ്ജ്) |
| 1-27<br>3-2 | 543250 | ശ്രീ. കോശി ഉമ്മൻ, സെക്രട്ടറി, പട്ടാഴി ഗ്രാമപഞ്ചായത്ത് |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കോശി ഉമ്മൻ,<br>സെക്രട്ടറി,<br>പട്ടാഴി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി,<br>കുണ്ടറ ഗ്രാമപഞ്ചായത്ത് | അനഘാസ്,<br>ഹോസ്പിറ്റൽ ജംഗ്ഷൻ,<br>കുണ്ടറ |
| ശ്രീമതി. രേഖ കെ ആർ, അസി. സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്ജ്)<br>പട്ടാഴി ഗ്രാമപഞ്ചായത്ത് | അസി. സെക്രട്ടറി,<br>പട്ടാഴി ഗ്രാമപഞ്ചായത്ത് | ആർദ്രാസ് ,<br>അറയ്ക്കൽ,<br>ഇടയം പി ഒ |
| ശ്രീ. ഷെമീം. എ,<br>സെക്രട്ടറി,<br>പട്ടാഴി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി,<br>കുലു കൊല്ലൂർ ഗ്രാമപഞ്ചായത്ത്,<br>പാലക്കാട് | ആരണ്യകം,<br>അച്ചൻകോവിൽ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 1 |
| 1998-1999 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 2 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 4 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 4 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 2 |

| | | |
|---|---|---|
| 2003-2004 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 6 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 10 |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം-9/750(1)/19/31.05.2019 | 18 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം-9/750(2)/19/31.05.2019 | 15 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം-9/750(3)/19/31.05.2019 | 8 |
| 2009-2010 & 2010-2011 | കെ.എസ്.എ.കെ.എൽ.എം-9/750(4)/19/31.05.2019 | 13 |
| 2011-2012 | കെ.എസ്.എ.കെ.എൽ.എം-9/750(1)/19/31.05.2019 | 8 |
| 2012-2013 & 2013-14 | എൽ.എഫ്.ക്യൂ-പി5 /1091/2015 / 04.08.2015 | 8 |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി4-1160/16 / 28/07/2016 | 4 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി-5/216/17 / 14-02-2017 | 7 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി9/1730/2017 / 30.10.2017 | 10 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി9/1857/2018 / 06.03.2019 | 9 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി9/1522/2019 / 12.02.2020 | 11 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി9/1051/2021 / 30.11.2021 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**3**

## അനുബന്ധം-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്